**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 475** **08-06-2021 - ൽ മറുപടിയ്ക്ക്**

**തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുന്ന പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri. V. N. Vasavan**<br>(സഹകരണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയുടെ ആഭിമുഖ്യത്തിൽ ഒരു പഞ്ചായത്തിൽ ഒരു വ്യവസായകേന്ദ്രം എന്ന നിലയിൽ തൊഴിൽ ലഭ്യത ഉറപ്പ് വരുത്തുന്ന പുതിയ പദ്ധതികൾ നടപ്പാക്കാൻ നടപടി ഉണ്ടാകുമോ; | (എ) | "സഹകരണ സംരംഭകത്വം – തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സഹായം" എന്ന സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനായി നിലവിൽ ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി യുവസംരഭകർക്കും സേവനദാതാക്കൾക്കും വേണ്ടി സംസ്ഥാനത്ത് 25 സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച തീരുമാനം സർക്കാരിന്റെ നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | സഹകരണ സ്ഥാപനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പാക്കുന്നതെന്നറിയിക്കാമോ? | (ബി) | 2021-22 സാമ്പത്തിക വർഷം സഹകരണ വകുപ്പ് മുഖേന 26 സംസ്ഥാന പദ്ധതികളിലായി 15933.00 ലക്ഷം രൂപയും 3 എൻ.സി.ഡി.സി. പദ്ധതികളിലായി 6500.00 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 22433.00 ലക്ഷം രൂപയുടെ വിവിധ പദ്ധതികളിലൂടെ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഒരു ഏകീകൃത സോഫ്റ്റ് വെയർ നടപ്പാക്കുന്നതിനും, നെല്ലിന്റെ സംഭരണ സംസ്കരണ വിപണന പ്രവർത്തനങ്ങൾക്കായി ആധുനിക റൈസ് മിൽ സ്ഥാപിക്കുന്നതിനും സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട് E-Marketing പ്ലാറ്റ് ഫോം ആരംഭിക്കുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ പി.എ.സി.എസ്. വഴി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള ധനസഹായം, കാർഷിക ഉത്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ |

| | | | |
|---|---|---|---|
| | | | ബ്ലോക്ക് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷൻ കേന്ദ്രങ്ങളിലും കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണ സംസ്കരണ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുമുള്ള ധനസഹായം എന്നീ പുതിയ പദ്ധതികൾക്കായി 2021-22 സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ